മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പുറത്തെഴുത്ത് നം.591/എ.3/2/2019/ഭ.വി. തീയതി : 05/02/2019

പരോപകാര തല്പരതയോടുകൂടി അവയവം ദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ബഹു.മുഖ്യമന്ത്രിയുടെ പ്രശംസാപത്രം നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം.125/2018/ആ.കു.വ. തീയതി 03/10/2018 മിനിറ്റ്സ് ഇനം നം.69/19.01/182382 തീയതി 22/01/2019 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**മനോജ് കുമാർ കെ. എസ്.**
**അസിസ്റ്റന്റ് രജിസ്ട്രാർ I (ഭ വി)**
**രജിസ്ട്രാർക്കു വേണ്ടി**

1) എല്ലാ വിഭാഗങ്ങളും/ഡിപ്പാർട്ട്മെന്റുകളും/സെന്ററുകളും.
2) വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.
3) രജിസ്ട്രാർ./എഫ്.ഒ./സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
4) ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്, മഹാത്മാഗാന്ധി സർവകലാശാല
5) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്. (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
6) എഫ്.സി.സി./എ.സി.സി./ഫിനാൻസ് I/ IV/ഓഡിറ്റ് I/V/ഐ.ക്യൂ.എ.സി
7) എഡി എI/ എഡി.എ II/എഡി.എ IV/എഡി എ V/എഡി.സി.I/II/III.
8) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.
   ഫയൽ നം.എ.ഡി.എ.III/2/319/2014/ഭ.വി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

മഹാത്മാഗാന്ധി സർവകലാശാല
നമ്പർ 2947
തീയതി 20/10/18

നമ്പർ 5331
20/10/18

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - പരോപകാര തല്പരതയോടുകൂടി അവയവം ദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ബഹു.മുഖ്യമന്ത്രിയുടെ പ്രശംസാ പത്രം നൽകുന്നതിനും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവൻമാരെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.125/2018/ആകുവ തീയതി, തിരുവനന്തപുരം, 03.10.2018**

പരാമർശം:- 1. തുറമുഖ ഡയറക്ടറുടെ 11.04.2017 ലെ ബി2-6658/16/ഡി.പി നമ്പർ കത്ത്.

2. കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് നോഡൽ ഓഫീസറുടെ 06.03.2018 ലെ 379/2018/കെ.എൻ.ഒ.എസ് നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം പോർട്ടിലെ സീമാനായ ശ്രീ.ശരൺ പ്രകാശ് യാതൊരു പ്രതിഫലവും കൈപ്പറ്റാതെ ശ്രീ.ജോഷിലാൽ എന്ന വ്യക്തിക്ക് കരൾ ദാനം ചെയ്തതിനാൽ ശ്രീ.ശരൺ പ്രകാശിന് രണ്ട് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം തുറമുഖ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 1994 ലെ മനുഷ്യാവയവം മാറ്റിവയ്ക്കൽ നിയമത്തിലെ ഖണ്ഡിക 19 പ്രകാരം സാമ്പത്തിക ഇടപാടുകൾ ശിക്ഷയർഹിക്കുന്ന കുറ്റമാണെന്നും ലോകാരോഗ്യ സംഘടനയിലെ നിർദ്ദേശതത്വങ്ങൾ 5 പ്രകാരം പ്രതിഫലമായോ പാരിതോഷികമായോ ഉള്ള കൊടുക്കൽ വാങ്ങലുകൾ വിലക്കിയിട്ടുണ്ടെന്നും ആയതിനാൽ സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ധാർമ്മികമല്ലെന്ന് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ നോഡൽ ഓഫീസർ പരാമർശം (2) ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 1994 ലെ മനുഷ്യാവയവം മാറ്റിവയ്ക്കൽ നിയമത്തിലെ ഖണ്ഡിക 19 പ്രകാരം സാമ്പത്തിക ഇടപാടുകൾ അനുവദനീയമല്ലാത്തതിനാൽ അവയവദാനം നടത്തുന്ന സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പരപ്രേരണ കൂടാതെ സ്വമേധയായുള്ള അവയവദാനം പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. മേൽ സാഹചര്യത്തിൽ പരോപകാര തല്പരതയോടു കൂടി അവയവം ദാനം ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ബഹു.മുഖ്യമന്ത്രിയിൽ നിന്നും പ്രശംസാ പത്രം നൽകുന്നതിനും ഇതിനാവശ്യമായ നടപടികൾ സർക്കാരിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവൻമാരെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

.....2

3. ഇക്കാര്യം ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രാജീവ് സദാനന്ദൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ വകുപ്പ്/ ഓഫീസ് തലവൻമാർക്ക്
നിയമ/ധനകാര്യ വകുപ്പുൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും

അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും ജോയിന്റ് സെക്രട്ടറിമാർക്കും,
ഡെപ്യൂട്ടി സെക്രട്ടറിമാർക്കും അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
✓ എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും, വൈസ് ചാൻസിലർമാർക്കും
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

✓